സഹകാരി മോട്ടോർ തൊഴിലാളികളുടെ ഫെയർ വേജസ് പുതുക്കി നിശ്ചയിച്ച നടപടി

80 [1285] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾ തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകാരി മോട്ടോർ തൊഴിലാളികളുടെ ഫെയർ വേജ പുതുക്കി നിശ്ചയിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) വേതന നിരക്ക് പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് ട്രേഡ് യൂണിയനുകൾ നിവേദനം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ നിവേദനം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 9-1-1997-ൽ ആണ് പുതുക്കി നിശ്ചയിച്ചത്.

(ബി) ഉണ്ട്.

(സി) വേതന നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

"ഒ.ഡി.ഇ.പി.സി.-യുടെ പ്രവർത്തനങ്ങൾ"

81 [1286] ശ്രീ. ചെർക്കളം അബ്ദുള്ള :
,, യു. സി. രാമൻ :
,, സി. ടി. അഹമ്മദ് അലി :
,, കളത്തിൽ അബ്ദുള്ള :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾ തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഡി.ഇ.പി.സി.-യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രപേരെ ഒ.ഡി.ഇ.പി.സി വിദേശത്തേക്ക് അയച്ചിട്ടുണ്ട് ;

(സി) ഏതെല്ലാം കാറ്റഗറിയിൽപ്പെട്ടവരെയാണ് വിദേശത്തേക്ക് അയയ്ക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഏതെല്ലാം രാജ്യങ്ങളിലേക്ക് ആളുകളെ അയയ്ക്കുന്നുണ്ട് ;

(ഇ) ഗൾഫ് രാജ്യങ്ങളിൽ വിദേശ ജോലിക്കാരെ കുറച്ചുകൊണ്ടിരിക്കുന്ന ാഹചര്യത്തിൽ മറ്റ് രാജ്യങ്ങളുമായി റിക്രൂട്ട്മെന്റ് കരാറുണ്ടാക്കാൻ ആലോചനയുണ്ടോ ;

(എഫ്) എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എവിടെവരെയായി ; എന്തെല്ലാം ടപടികളാണ് പരിഗണനയിലുള്ളത് ;

(ജി) ഒ.ഡി.ഇ.പി.സി. ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(എച്ച്) വിദേശരാജ്യങ്ങളിൽ ഭാവിയിൽ ഏതെല്ലാം മേഖലകളിലാണ് കൂടുതൽ ാഴിൽ അവസരങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതെന്ന് ഒ.ഡി.ഇ.പി.സി. പഠിച്ചിട്ടുണ്ടോ ;

(ഐ) കേവലം റിക്രൂട്ട്മെന്റ് ഏജൻസി എന്ന നിലയിൽനിന്ന് വിദേശ ജോലി ിക്കാൻ ആവശ്യമായ പരിശീലനം നൽകുന്നതിന് ഒ.ഡി.ഇ.പി.സി.യെ സജ്ജമാക്കാൻ ുപടി സ്വീകരിക്കുമോ ;

(ജെ) ഒ.ഡി.ഇ.പി.സി.യിൽ നിലവിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(കെ) രജിസ്റ്റർ ചെയ്തവരുടെ കാറ്റഗറിയും ജില്ലയും തിരിച്ചുള്ള എണ്ണം ിയിക്കുമോ ;

(എൽ) കോഴിക്കോടും കൊച്ചിയിലും ഒ.ഡി.ഇ.പി.സി.യുടെ റീജിയണൽ ഫീസുകൾ തുറക്കുമെന്ന് ഒ.ഡി.ഇ.പി.സി. രണ്ട് വർഷം മുമ്പ് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(എം) എങ്കിൽ ഇതിന് സർക്കാർ അനുമതി നൽകുന്നില്ലെന്ന പരാതി ധയിൽപ്പെട്ടിട്ടുണ്ടോ ;

(എൻ) എങ്കിൽ സർക്കാർ ഇതിന് അനുമതി നൽകാത്തതെന്താണ് എന്ന് ്തമാക്കുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിലെ തൊഴിൽ അവസരങ്ങൾ കണ്ടെത്തി ുയോജ്യമായവരെ വിദേശത്ത് ജോലിക്കായി അയയ്ക്കുക എന്നതാണ് ി.ഇ.പി.സി.-യുടെ പ്രധാന പ്രവർത്തനം. ഇതിനുവേണ്ടി ഒ.ഡി.ഇ.പി.സി.-യുടെ ാ ബാങ്കിൽ ഉദ്യോഗാർത്ഥികൾക്ക് പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനമുണ്ട്. ുകൂടാതെ ഐ.എ.ടി.എ. (I.A.T.A.) അംഗീകാരമുള്ള ട്രാവൽ ഡിവിഷൻ വഴി ൃത്തിനകത്തും വിദേശത്തേക്കുമുള്ള വിമാന യാത്രാ ടിക്കറ്റുകളുടെ വിതരണവും ിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ 474 പേരെ ി.ഇ.പി.സി. മുഖാന്തിരം വിദേശത്തേക്ക് ജോലിക്കായി അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) വിദേശ തൊഴിൽ ദാതാവ് ആവശ്യപ്പെടുന്ന എല്ലാ വിഭാഗം തൊഴിവുകൾക്കും ജോലിക്കായി ഉദ്യോഗാർത്ഥികളെ അയയ്ക്കുന്നുണ്ട്. പ്രധാനമായും ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ടെക്നീഷ്യൻമാർ തുടങ്ങിയ വിഭാഗങ്ങളിലേക്ക് തുടർച്ചയായി ആളുകളെ അയച്ചുവരുന്നു. സൗദിഅറേബ്യ, സുൽത്താനേറ്റ് ഓഫ് ഒമാൻ, ഖത്തർ, മലേഷ്യ, ശ്രീലങ്ക, യു.എ.ഇ. എന്നീ രാജ്യങ്ങളിൽ നിന്നുമാണ് പ്രധാനമായും ഡിമാന്റ് ലഭിച്ചുവരുന്നത്.

(ഇ, എഫ്) ഉണ്ട്. ന്യൂഡൽഹിയിൽ, വിദേശരാജ്യങ്ങളിലെ എംബസികളും റൈക്രൂട്ട്മെന്റ് ഏജൻസികളുമായി ബന്ധപ്പെട്ട് അവിടുത്തെ ഉന്നതോദ്യോഗസ്ഥന്മാരുമായി ചർച്ചകൾ നടത്തിവരുന്നുണ്ട്. അവരിൽ നിന്നും വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. സൗദി അധികൃതരുമായി നടത്തിയ ചർച്ചയുടെ ഫലമായി കേരളത്തിൽ വച്ച് ഇന്റർവ്യൂ നടത്താമെന്ന് സൗദി സർക്കാരിന്റെ മെഡിക്കൽ റിക്രൂട്ട്മെന്റ് മേധാവി വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ജി) കഴിഞ്ഞ നാല് വർഷമായി ഒ.ഡി.ഇ.പി.സി. തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(എച്ച്) ഇല്ല.

(ഐ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ജെ) ഒ.ഡി.ഇ.പി.സി.യിൽ നിലവിൽ 31274 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(കെ) കാറ്റഗറി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

കാറ്റഗറി	എണ്ണം
ഡോക്ടർ	2245
നഴ്സ്	8557
പാരാമെഡിക്കൽ സ്റ്റാഫ്	4009
എഞ്ചിനീയർ	3145
ടെക്നീഷ്യൻ	2277
സ്കിൽഡ് വർക്കർ	4611
കാറ്ററിംഗ്	419
അഡ്മിനിസ്ട്രേഷൻ സ്റ്റാഫ്	2800
അദ്ധ്യാപകർ (ടീച്ചിംഗ്)	286
ലേബർ	2101
ഡ്രൈവർ	824
ആകെ	31274

ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എൽ) ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല.

(എം, എൻ) ചോദ്യം ഉദിക്കുന്നില്ല.

തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

82 [1287] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ഏപ്രിൽ മുതൽ കഴിഞ്ഞ ഓരോ വർഷവും സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലും ഉണ്ടായിരുന്ന തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ ;

(ബി) സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഈ കാലയളവിൽ ആകെ എത്രപേർക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി ;

(സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട എത്രപേരെ സർക്കാരിന്റെ സഹായ പദ്ധതികളിലൂടെ സഹായിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കൃത്യമായ കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) സർക്കാർ സ്ഥാപനങ്ങളിലെ കണക്ക് ലഭ്യമല്ല. അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ 714 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായി കണക്കാക്കുന്നു.

(സി) സംസ്ഥാനത്ത് ഒരു വർഷത്തിലധികം കാലം പൂട്ടിക്കിടക്കുന്ന സഹകരണ-പൊതുമേഖലാ ഫാക്ടറികളിലെയും എസ്റ്റേറ്റുകളിലെയും മറ്റ് തൊഴിൽ ശാലകളിലെയും തൊഴിലാളികൾക്ക് 1000 രൂപ വീതം 2001-ലെ ഓണക്കാലത്ത് 6355 തൊഴിലാളികൾക്കും 2002-ലെ ഓണക്കാലത്ത് 8006 തൊഴിലാളികൾക്കും സാമ്പത്തിക സഹായമായി വിതരണം ചെയ്തിട്ടുണ്ട്.

2003 വർഷത്തിൽ പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റുകളിലെ സൗജന്യ റേഷൻ കൈപ്പറ്റുന്ന 9879 തൊഴിലാളികൾക്ക് 500 രൂപ വീതവും കയർ സ്ഥാപനങ്ങൾ സൊസൈറ്റികളിലെ 6564 തൊഴിലാളികൾക്ക് 200 രൂപ വീതവും സഹകരണ-പൊതുമേഖലാ സ്ഥാപനങ്ങളിലെ 7468 തൊഴിലാളികൾക്ക് 1000 രൂപ വീതവും എക്സ്ഗ്രേഷ്യ സാമ്പത്തിക സഹായ വിതരണം ചെയ്തിട്ടുണ്ട്. 2004 വർഷത്തിൽ പൂട്ടിക്കിടക്കുന്ന സഹകരണ-പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 1000 രൂപ വീതവും സൗജന്യ റേഷൻ ലഭിക്കുന്ന എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്ക് 500 രൂപ വീതവും കയർ സ്ഥാപനങ്ങൾ സൊസൈറ്റികളിലെ തൊഴിലാളികൾക്ക് 200 രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം സഹകരണമേഖലയിലെ 8079 തൊഴിലാളികൾക്കും

LIBRARY ARCHIVES Kerala Legislative Assembly